
# പരിണാമ പഠന മേഖലയിലെ പ്രതിഭകൾ

# ജീൻ ബാപ്റ്റിസ്റ്റ് ലാമാർക്ക്




- പരിണാമചിന്തയെ ഒരു സിദ്ധാന്തരൂപത്തിൽ ആദ്യമായി ആവിഷ്ക്കരിച്ചു.
- 1809 ൽ സ്വയാർജിത സ്വഭാവങ്ങളുടെ പാരമ്പര്യപ്രേഷണസിദ്ധാന്തം അവതരിപ്പിച്ചു.

# ചാൾസ് റോബർട്ട് ഡാർവിൻ



**1809-1882**

- ശാസ്ത്രീയമായ അന്വേഷണങ്ങളിലൂടെ പരിണാമചിന്തയെ ഏറെക്കുറെ യുക്തിഭദ്രമായി ആദ്യമായി അവതരിപ്പിച്ച മഹാനായ പ്രകൃതി ശാസ്ത്രജ്ഞൻ.
- പരിണാമത്തേക്കുറിച്ച് ആവിഷ്ക്കരിച്ച "പ്രകൃതിനിർധാരണ സിദ്ധാന്തം" 1859 ൽ "On the Origin of Species" എന്ന ഗ്രന്ഥത്തിലൂടെ അവതരിപ്പിച്ചു.

# ഹ്യൂഗോ ഡീവ്രീസ്





- ഉൽപരിവർത്തന സിദ്ധാന്ത (Mutation Theory) ത്തിന്റെ ഉപജ്ഞാതാവ്
- 1900-1903 കാലഘട്ടത്തിൽ "The Mutation Theory" എന്ന ഗ്രന്ഥത്തിലൂടെ തന്റെ സിദ്ധാന്തങ്ങൾ അവതരിപ്പിച്ചു
- 1900-ൽ ഗ്രിഗർ മെൻഡലിന്റെ ജനിതകസിദ്ധാന്തങ്ങൾ പുനരാവിഷ്കരിച്ചു.

# ആൽഫ്രഡ് റസ്സൽ വാലസ്




- ഡാർവിന്റെ സമകാലീനനായിരുന്ന ബ്രിട്ടീഷ് പ്രകൃതി ശാസ്ത്രജ്ഞൻ
- ഇൻഡോനേഷ്യൻ ദ്വീപ് സമൂഹങ്ങളിൽ വച്ച നടത്തിയ പഠനങ്ങളിലൂടെ പരിണാമത്തേക്കുറിച്ച് ഡാർവിൻ എത്തിച്ചേർന്ന അതേ നിഗമനങ്ങളിൽ തന്നെ വാലസും എത്തിച്ചേർന്നു.


# യൂജീൻ ഡുബോയ്



1858-1940


- ഡച്ച് വംശജനായ പരിണാമ ശാസ്ത്രജ്ഞൻ
- മനുഷ്യ പരിണാമത്തിലെ സുപ്രധാന കണ്ണിയായ ഹോമോ ഇറക്ടസി (ജാവാ മനുഷ്യൻ)ന്റെ ഫോസിൽ ജാവാ ദ്വീപിൽ നിന്നും കണ്ടെത്തി.

# ഡൊണാൾഡ് ജൊഹാൻസൺ





- അമേരിക്കൻ പുരാനരവംശശാസ്ത്രജ്ഞൻ.
- ലൂസി എന്ന പേരിൽ ശ്രദ്ധേയമായ ഏറ്റവും പഴക്കം ചെന്ന ആസ്ട്രാലോപിത്തക്കസ് ഫോസിൽ കണ്ടെത്തി.

# മേരി ലീക്കിയും (1913-1996)
# ലൂയിസ് ലീക്കിയും (1903-1972)




- പരാണാമശാസ്ത്രജ്ഞരായ ബ്രിട്ടീഷ് കുടുംബം.
- മേരി ലീക്കി താൻസാനിയയിൽ നിന്നും ലാവയിൽ പൊതിഞ്ഞ മനുഷ്യപൂർവികരുടെ കാൽപ്പാടുകൾ കണ്ടെത്തി

# സ്റ്റാൻലി മില്ലർ




- അമേരിക്കൻ ശാസ്ത്രജ്ഞൻ.
- 1952 ൽ ഹരോൾഡ് യുറേയുമായിച്ചേർന്ന് ആദിമ ഭൂമിയിലെ സാഹചര്യങ്ങൾ പരീക്ഷണശാലയിൽ പുനഃ സൃഷ്ടിച്ചുകൊണ്ട് അമോണിയ, മീഥേൻ തുടങ്ങിയ പദാർത്ഥങ്ങളിൽ നിന്ന് അമിനോ ആസിഡുകൾ സംശ്ലേഷിപ്പിച്ചു.

# ഹാരോള്ഡ് യൂറേ




- അമേരിക്കൻ ശാസ്ത്രജ്ഞൻ.
- 1952 ൽ സ്റ്റാൻലി മില്ലറുമായിച്ചേർന്ന് ആദിമ ഭ്രമിയിലെ സാഹചര്യങ്ങൾ പരീക്ഷണശാലയിൽ പുനഃ സൃഷ്ടിച്ചുകൊണ്ട് അമോണിയ, മീഥേൻ തുടങ്ങിയ പദാർത്ഥങ്ങളിൽ നിന്ന് അമിനോ ആസിഡുകൾ സംശ്ലേഷിപ്പിച്ചു.

# സിറിൽ പൊന്നംപെരുമ



1923-1994
1923-1994


- ശ്രീലങ്കൻ ശാസ്ത്രജ്ഞൻ.
- അജൈവീക തൻമാത്രകളിൽ നിന്ന് അഡിനോസിൻ തൻമാത്രകൾ നിർമ്മിച്ചു

# അലക്സാണ്ടർ ഒപാരിൻ




- റഷ്യൻ ശാസ്ത്രജ്ഞൻ.
- 1924 ൽ അജൈവിക ഘടകങ്ങൾ കൂടിച്ചേർന്ന് ജീവൻ ഉണ്ടായതിനേക്കുറിച്ചുള്ള ഒരു പരികല്പന രൂപപ്പെടുത്തി.

# ജെ.ബി.എസ്. ഹാൽഡേൻ




- ബ്രിട്ടീഷ് ശാസ്ത്രജ്ഞൻ.
- അജൈവിക ഘടകങ്ങൾ കൂടിച്ചേർന്ന് ജീവൻ ഉണ്ടായതിനേക്കുറിച്ചുള്ള ഒപാരിന്റെ അതേ നിഗമനങ്ങളിലെത്തിച്ചേർന്നു.